പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1530 16.03.2015 ലെ മറുപടിയ്ക്ക്

**കാർഷിക കടാശ്വാസ പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.ശിവദാസൻ നായർ | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക കടാശ്വാസ പദ്ധതി പ്രകാരം സർക്കാർ വിഹിതത്തിന് കാത്തിരിക്കാതെ കർഷകരുടെ ഈട് പ്രമാണം മടക്കി നൽകണമെന്ന നിർദ്ദേശം സഹകരണ സംഘങ്ങൾ പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) & (ബി) | നബാർഡ് റീ-ഫിനാൻസ് ചെയ്തിട്ടുള്ള വായ്പകൾക്ക് ഈട് വച്ചിട്ടുള്ള പ്രമാണങ്ങൾ വായ്പാ കുടിശ്ശിക മൊത്തമായി നബാർഡിലേക്ക് അടച്ചുതീർത്തതിന് ശേഷം മാത്രമേ വായ്പക്കാരന് തിരികെ നൽകാൻ പാടുള്ളൂ എന്നും വായ്പാ കണക്ക് അവസാനിപ്പിക്കുന്നതു വരെയുള്ള പലിശ ഈടാക്കേണ്ടതാണെന്നും വായ്പക്കാരനിൽ നിന്നോ സർക്കാരിൽ നിന്നോ ലഭിക്കേണ്ട വിഹിതം ലഭിക്കുന്നതുവരെയുള്ള കാലയളവിൽ പലിശ ഈടാക്കാതിരിക്കുന്നത് ശരിയായ നടപടിയല്ലെന്നും നബാർഡ് ജനറൽ മാനേജർ സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽ നിന്ന് നൽകിയിട്ടുള്ള നബാർഡ് റീ-ഫിനാൻസ് ചെയ്തിട്ടുള്ള വായ്പകൾക്ക് ഈട് വച്ചിട്ടുള്ള പ്രമാണങ്ങൾ കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവ് പ്രകാരമുള്ള കർഷക വിഹിതം അടയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ തിരികെ നൽകുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ